കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് - 1.4.99 മുതൽ 31.3.2002 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 13 - പദ്ധതി നിർവ്വഹണച്ചെലവ് - അധികരിച്ച തുകയായ 31802/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2472 /12/തസ്വഭവ. തിരുവനന്തപുരം, തീയതി: 24.08.2012

പരാമർശം: 1. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 12.1.12-ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ 5 (Q) നമ്പർ തീരുമാനം.

2. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.1.2012-ലെ ഡി3-1345/04/സി2 നമ്പർ കത്ത്.

3. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 9.7.12-ലെ എൽ.എഫ്.8346/പി.റ്റി.1/12-ാം നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1999-2000 സാമ്പത്തികവർഷത്തിൽ പദ്ധതി നിർവ്വഹണ ചെലവിനത്തിൽ പരിധിയിൽ കവിഞ്ഞ് 31,802/- ( മുപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി രണ്ട് രൂപ മാത്രം ) ചെലവഴിച്ചത് ജില്ലാ പഞ്ചായത്തിന്റെ 1.4.99 മുതൽ 31.3.2002 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഭാഗം 2 ഖണ്ഡിക 13 പ്രകാരം തടസ്സപ്പെടുത്തുകയുണ്ടായി.

03.04.00-ലെ ജി.ഒ (എം.എസ്)20/99/പ്ലാനിംഗ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതത്തിന്റെ 2 ശതമാനം പരമാവധി 2 ലക്ഷം രൂപയ്ക്ക് വിധേയമായി പദ്ധതി രൂപീകരണ ചെലവുകൾക്കായി ഉപയോഗിക്കാവൂയെന്ന് നിർദ്ദേശിച്ചിരുന്നു. ആകയാൽ പരിധിയിൽ കവിഞ്ഞ് ചെലവഴിച്ച 31,802/- രൂപയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റിൽ പരാമർശിച്ചിരുന്നു.

ആദ്യ ഘട്ടങ്ങളിൽ കോട്ടയം ജില്ലാ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിൽ പല വീഴ്ചകളും പോരായ്മകളും സംഭവിച്ചിട്ടുണ്ടെന്നും അപ്രകാരം സംഭവിച്ച ഒരു തെറ്റാണ് അനുവദനീയമായതിലും അധികമായി പദ്ധതി നിർവ്വഹണ ചെലവുകൾ ഉണ്ടായതെന്നും ഇക്കാര്യത്തിൽ, സർക്കാരിന്റെ സാധൂകരണം തേടണമെന്നും ജില്ലാ പഞ്ചായത്തിന്റെ പരാമർശം ഒന്നിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം 2 മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ പഞ്ചായത്തിൽ പിന്നീടുള്ള വർഷങ്ങളിൽ പരിധിയിൽ കവിഞ്ഞചെലവ് സംഭവിച്ചിട്ടില്ലാത്തതിനാൽ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം മൂന്ന് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും

അടിസ്ഥാനത്തിൽ 1.4.99 മുതൽ 31.3.2002 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഭാഗം 2 ഖണ്ഡിക 13 പ്രകാരം തടസ്സപ്പെടുത്തിയ 1999-2000 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണ ചെലവിനത്തിൽ പരിധിയിൽ കവിഞ്ഞ് 31802/- രൂപ ചെലവഴിച്ച കോട്ടയം ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), തിരുവന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം.
വെബ് & ന്യൂസ് മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.